(ഡി) മേൽപ്പറഞ്ഞിട്ടുള്ള എല്ലാ റെയിൽവേ വികസന പദ്ധതികളുടെ പൂർത്തീകരണത്തിനും ഫണ്ടിന്റെ അപര്യാപ്തത ഒരു പ്രധാന തടസ്സമാണ്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

തൊഴിലാളി പുനരധിവാസനിധി

*20 [250] ശ്രീ. മഞ്ഞളാംകുഴി അലി:
,, കെ. പി. സതീശ്ചന്ദ്രൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിസന്ധി നേരിടുന്ന വ്യവസായ സ്ഥാപനങ്ങളിലേയും തോട്ടങ്ങളിലേയും തൊഴിലാളികൾക്ക് ആശ്വാസം പകരുന്നതിനായി സർക്കാർ പുനരധിവാസ നിധി രൂപീകരിച്ചിട്ടുണ്ടോ;

(ബി) തൊഴിലാളികൾക്കും കുടുംബങ്ങൾക്കും എന്തെല്ലാം ആശ്വാസങ്ങളാണ് പുനരധിവാസനിധിയിൽനിന്നും നൽകിയിട്ടുള്ളത്; ഇതിനകം എത്ര കുടുംബങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്;

(സി) ഇതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ഇതിനകം ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) പ്രതിസന്ധി നേരിടുന്ന വ്യവസായ സ്ഥാപനങ്ങളിലേയും തോട്ടങ്ങളിലേയും തൊഴിലാളികൾക്ക് ആശ്വാസം പകരുന്നതിനായി ഈ വർഷം (2004-2005) ഒരു പുനരധിവാസ പദ്ധതി രൂപീകരിക്കുന്നതാണെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുവേണ്ടിയുള്ള കരട് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനു വേണ്ടിയുള്ള അനുമതി സർക്കാർ എത്രയും പെട്ടെന്ന് നൽകുന്നതാണ്.

(ബി) പ്രതിസന്ധി നേരിടുന്ന വ്യവസായ സ്ഥാപനങ്ങളിലേയും തോട്ടങ്ങളിലേയും തൊഴിലാളികൾക്ക് സൗജന്യ റേഷൻ, ദുരിതാശ്വാസം, ചികിത്സാ സഹായം, അവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്നിവ ഈ പദ്ധതിയിൽ വിഭാവന ചെയ്തിട്ടുണ്ട്.

(സി) പ്രതിസന്ധി നേരിടുന്ന വ്യവസായ സ്ഥാപനങ്ങളിലേയും തോട്ടങ്ങളിലേയും തൊഴിലാളികൾക്ക് ആശ്വാസം പകരുന്നതിനുവേണ്ടി ഒരു പുനരധിവാസ നിധി/പദ്ധതി രൂപീകരിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ 2 കോടി രൂപാ നീക്കി വച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന തൊഴിലാളികൾക്ക് ഓണക്കാലത്ത് എക്സ്ഗ്രേഷ്യാ, സാമ്പത്തിക സഹായം നൽകുന്നതിനായി 1.5 കോടി രൂപയും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിനു പുറമെ തോട്ടം മേഖലയിലെ തൊഴിലാളികളുടെ കുട്ടികൾക്ക് പ്രൊഫഷണൽ കോളേജ് വിദ്യാഭ്യാസത്തിന്, ഫീസിനത്തിനുള്ള ചെലവിലേക്കായി ഒരു കോടി രൂപയും നീക്കി വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly